**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5844** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ കെ.എസ്.ഇ.ബി. നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രവൃത്തിയുടെ അടങ്കൽ തുക, പുരോഗതി എന്നിവയും അറിയിക്കാമോ? | (എ) | ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, 2016 മുതൽ 2018 വരെ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ചു നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന "ദ്യുതി"പദ്ധതി, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതി, കേന്ദ്ര പദ്ധതിയായ IPDS പദ്ധതി തുടങ്ങിയവയിൽ ഉൾപ്പെടുത്തി 2765.732 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന "ദ്യുതി"പദ്ധതിയിൽ ഉൾപ്പെട്ട 770 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നു വരുന്നു. ഗുരുവായൂർ മണ്ഡലത്തിൽ 2016 മുതൽ കെ.എസ്.ഇ.ബി. പ്രസരണ രംഗത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു. 1. 110 കെ.വി ബ്ലാങ്ങാട് സബ്സ്റ്റേഷൻ പൂർത്തികരിച്ചു. ഭരണാനുമതി നൽകിയ തുക – 6 കോടി രൂപ 2. 110 കെ.വി ഗുരുവായൂർ സബ്സ്റ്റേഷനിൽ രണ്ട് 12.5 എം.വി.എ. ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് 20 എം.വി.എ. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ശേഷി വർദ്ധിപ്പിച്ചു. ഭരണാനുമതി നൽകിയ തുക – 2.5 കോടി രൂപ |

സെക്ഷൻ ഓഫീസർ

Appendix

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക ( ലക്ഷത്തിൽ) |
|---|---|---|
| 1 | DDUGJY പദ്ധതി | 136.492 |
| 2 | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി | 41.9 |
| 3 | PPS പദ്ധതി | 20.45 |
| 4 | IPDS പദ്ധതി | 286.94 |
| 5 | കെ.എസ്. ഇ. ബി. എൽ. ന്റെ തനതു ഫണ്ടു പയോഗിച്ച നടത്തിയ പദ്ധതി | 2279.95 |
| **ആകെ** | | **2765.732** |